(ബി) എങ്കിൽ ഇതിനായി നീക്കിവെച്ച തുക എത്രയെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉപയോഗശൂന്യമായ സി.എഫ്.എൽ./ഫ്ലൂറസെന്റ് ലാമ്പുകൾ സുരക്ഷിതമായി സംസ്കരിക്കുന്നതിനായി പ്ലാന്റ് സ്ഥാപിക്കുന്നതിന് വിശദ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പദ്ധതി 2013-14-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. 2013-14, 2014-15 വർഷങ്ങളിലെ ബഡ്ജറ്റുകളിലായി 22 ലക്ഷം രൂപ ഇതിനായി നീക്കിവയ്ക്കുകയും 16,96,636 രൂപ, പദ്ധതിയുടെ Detailed Project Report (DPR)തയ്യാറാക്കി നൽകിയതിന് ഐ.ആർ.ജി. സിസ്റ്റം സൗത്ത് ഏഷ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിരേഖയിന്മേൽ ക്ലീൻ കേരള കമ്പനിയുമായി പ്രാഥമിക ചർച്ച നടത്തിവരികയാണ്.

കേടായ വൈദ്യുതി മീറ്ററുകൾ

15 (2216) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി മീറ്ററുകൾ കേടായിട്ടുണ്ടെന്നും ആയവ മാറ്റി നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) മീറ്റർ കേടായാൽ വൈദ്യുതി ഉപഭോക്താക്കളിൽനിന്നും ചാർജ്ജ് ഈടാക്കുന്നത് ഏത് രീതിയിലാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത രീതിക്ക് മാറ്റം വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആകെ 4,88,474 ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി മീറ്ററുകളാണ് കേടായിട്ടുള്ളത്. സബ് എൻജിനീയർ/സ്പോട്ട് ബില്ലർ മീറ്റർ റീഡിംഗ് എടുക്കുമ്പോൾ മീറ്റർ ക്രമരഹിതമായി കാണുകയോ, ഉപഭോക്താവ് മീറ്റർ കേടാണെന്ന് പരാതിപ്പെടുകയോ ചെയ്യാറുണ്ട്, മീറ്റർ പരിശോധിച്ചിട്ട് മീറ്ററിന്റെ ലഭ്യതയനുസരിച്ച് ഉപഭോക്താവിന്റെ ഉപഭോഗത്തിന്റെ മുൻഗണനയിലാണ് കേടായ മീറ്ററുകൾ മാറ്റി പ്രവർത്തനക്ഷമമായ മീറ്ററുകൾ സ്ഥാപിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മീറ്റർ കേടായതായി കണ്ടെത്തിയ ദിവസത്തിന് അല്ലെങ്കിൽ കേടായതായി റിപ്പോർട്ട് ചെയ്ത ദിവസത്തിന് മുമ്പുള്ള മൂന്ന് ബില്ലിംഗ് സൈക്കിളുകളിലെ ശരാശരി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലാണ് ഉപഭോക്താവിന് ബില്ല് നൽകുന്നത്. മുൻ ബില്ലിംഗ് സൈക്കിളുകളിൽനിന്നും ആവശ്യമായ വിവരങ്ങൾ ലഭ്യമല്ലെങ്കിൽ, മീറ്റർ മാറ്റിയതിനുശേഷമുള്ള തുടർച്ചയായ മൂന്ന ബില്ലിംഗ് സൈക്കിളുകളിൽനിന്നും ശരാശരി കണക്കാക്കുന്നതാണ്. മീറ്റർ കേടായ കാലയളവിൽ ശരാശരി ഉപഭോഗത്തിൽനിന്നും വ്യതിയാനത്തിനുള്ള സാഹചര്യങ്ങളുണ്ടെങ്കിൽ അവയെക്കുറിച്ച് ഉപഭോക്താവ് തെളിവുകൾ നൽകിയാൽ അവകൂടി പരിഗണിച്ച് ശരാശരി ഉപഭോഗം കണക്കാക്കുന്നതാണ്. ശരാശരി ഉപഭോഗം അടിസ്ഥാനമാക്കിയുള്ള ചാർജ്ജുകൾ പരമാവധി രണ്ടു ബില്ലിംഗ് സൈക്കിളുകളിൽ മാത്രമേ ഈടാക്കാൻ വ്യവസ്ഥയുള്ളൂ. അതിനുള്ളിൽ മീറ്റർ മാറ്റി സ്ഥാപിക്കേണ്ടതാണ്.

(സി) ഇല്ല.

സോളാർ വൈദ്യുതീകരണത്തിന് ചുമതലയുള്ള സർക്കാർ ഏജൻസികൾ

16 (2217) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ പാനലുകളും പാരമ്പര്യേതര ഊർജ്ജം ഉപയോഗിച്ചുള്ള വൈദ്യുതീകരണത്തിനുമുള്ള ഉപകരണങ്ങളും സ്ഥാപിക്കുന്നതിന് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളും ഏജൻസികളും ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളും ഏജൻസികളും സ്ഥാപിക്കുന്ന ഉപകരണങ്ങളുടെ ഗുണനിലവാരവും ഇതിനായി ചുമത്തുന്ന ഫീസും പരിശോധിക്കുന്നത് ആരാണ് എന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം സ്ഥാപനങ്ങളും ഏജൻസികളും നൽകുന്ന സേവനങ്ങൾക്കും സ്ഥാപിക്കുന്ന ഉപകരണങ്ങൾക്കും ഗുണനിലവാരം ഇല്ലാത്തതാണെന്ന ,യാതൊരു നീതീകരണവുമില്ലാതെ ഫീസ് ഈടാക്കുന്നവയാണെന്നോ ഉള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ കൈക്കൊണ്ടു എന്നു വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly